പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1689 | 15.02.2016 ൽ മറുപടിയ്ക്ക് |
|---|---|
| **സന്ദേശ് വൺ പദ്ധതി** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.എ.കെ. ശശീന്ദ്രൻ<br>" തോമസ് ചാണ്ടി** | **ഡോ.എം.കെ.മുനീർ<br>(ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) വനിതാ വികസന കോർപ്പറേഷൻ , 'സന്ദേശ് വൺ' എന്ന പദ്ധതിപ്രകാരം വനിതാ സംരംഭകരെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ; | (എ) വനിതാ വികസന കോർപ്പറേഷൻ , 'സന്ദേശ് വൺ' എന്ന പദ്ധതിപ്രകാരം വനിതാ സംരംഭകരെ തിരഞ്ഞെടുക്കുന്നില്ല. സംരംഭകരെ തെരെഞ്ഞെടുക്കുന്നത് പദ്ധതിയുടെ പങ്കാളികളായ ആൾട്ടർനേറ്റ് ലൈഫ് സ്റ്റൈൽ പ്രൈ.ലിമിറ്റഡും. ഐ.എൽ & എഫ് എസ്.സ്കിൽ ഡവലപ്പ്മെന്റ് കോർപ്പറേഷനും ചേർന്നതാണ്. ഡിഗ്രി/തത്തുല്യമായ ഡിപ്ലോമ/ഡിഗ്രി പഠിക്കുന്ന വനിതകളിൽ (സ്റ്റാർട്ട് അപ് പോളിസി 2014 പ്രകാരം) നിന്നും താത്പര്യമുള്ള വരുടെ ജില്ലാതല യോഗം സംഘടിപ്പിക്കുകയും യോഗത്തിൽ പദ്ധതിയെ കുറിച്ചുള്ള വിശദീകരണം നൽകി എഴുത്ത് പരീക്ഷയ്ക്കും അഭിമുഖത്തിനും ശേഷമാണ് സംരംഭകരെ ആൾട്ടർനേറ്റ് ലൈഫ് സ്റ്റൈൽ പ്രൈ.ലിമിറ്റഡും. ഐ.എൽ & എഫ്.എസ്. സ്കിൽ ഡവലപ്പ്മെന്റ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ തെരെഞ്ഞെടുക്കുന്നത്. തെരെഞ്ഞെടുത്ത സംരംഭകർക്ക് ആവശ്യമെങ്കിൽ കോർപ്പറേഷൻ വായ്പ നൽകി വരുന്നു. |
| (ബി) സംരംഭകർക്ക് അനുവദിക്കുന്ന വായ്പകളും, വായ്പ തുകയും ഇവർക്ക് നൽകുന്ന വിദഗ്ധ പരിശീലനത്തിന്റെ വിശദവിവരങ്ങളും വ്യക്തമാക്കാമോ; | (ബി) വനിതാ വികസന കോർപ്പറേഷന്റെ അംഗീകാരമുള്ള പ്രോജക്ടുകൾക്ക് 3 ലക്ഷം രൂപയോ പ്രോജക്ടിന്റെ 90%മോ ഇതിൽ ഏതാണോ കുറവ് ഈ തുക വായ്പ ആയി നൽകി വരുന്നു. സന്ദേശ് വൺ സംരംഭകർക്കും ഇതേ മാനദണ്ഡത്തിലാണ് വായ്പ നൽകി വരുന്നത്. സ്കിൽ ഡവലപ്പമെന്റ് കമ്പനികളിലൊന്നായ ഐ.എൽ & എഫ്. എസ്. ന്റെ നേതൃത്വത്തിലാണ് പരിശീലനം നൽകി വരുന്നത്. |
| (സി)പരിശീലനത്തിന് ഫീസ് ഈടാക്കുന്നുണ്ടോ; എങ്കിൽ എത്ര തുകയാണ് പ്രസ്തുത ഇനത്തിൽ ഓരോരുത്തരിൽ നിന്നും ഈടാക്കുന്നത് എന്നും വ്യക്തമാക്കാമോ; | (സി) കോർപ്പറേഷൻ സംരംഭകർക്ക് പരിശീലനം നൽകുകയോ ഫീസ് ഈടാക്കുകയോ ചെയ്യുന്നില്ല. പരിശീലനം നൽകുന്ന ഐ.എൽ & എഫ്.എസ്. ഫീസിനത്തിൽ 75,000/- രൂപ ഈടാക്കുന്നു. |
| (ഡി) ഇവർക്ക് നൽകുന്ന വായ്പകൾക്ക് എന്തു ജാമ്യമാണ് കോർപ്പറേഷൻ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) സന്ദേശ് വൺ സംരംഭകർക്ക് സഹ അപേക്ഷകയും രണ്ട് ജാമ്യക്കാരും അവരുടെ കരം അടച്ച രസീതിന്റെയും അല്ലെങ്കിൽ ഉദ്യോഗസ്ഥ ജാമ്യത്തിന്റെയും അടിസ്ഥാനത്തിലാണ് വായ്പ നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ